**ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്**

പുറപ്പെടുവിക്കുന്നത്: കെ.ജെ.വറുഗ്ഗീസ് ഐ.എഫ്.എസ്

**വിഷയം:** വനംവകുപ്പ് - ജീവനക്കാര്യം - 01-01-2016 തീയതി കണക്കാക്കി തയ്യാറാക്കിയ ഹെഡ് അക്കൗണ്ടന്റുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.പി.കെ.പുഷ്പാകരന്റെ സ്ഥാനം താൽക്കാലികമായി നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

**സൂചന:**

1. ശ്രീ.പി.കെ.പുഷ്പാകരൻ, ഹെഡ് അക്കൗണ്ടന്റ് 29-03-2016 ൽ സമർപ്പിച്ച അപേക്ഷ.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 26-09-2015 ലെ ഇ5-1191/13 നമ്പർ ഉത്തരവ്.
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 20-02-2016 ലെ ഇ3-12112/14 നമ്പർ ഉത്തരവ്.

Upload 18/8/16 ACF (GIS)

**ഉത്തരവ് നമ്പർ ഇ5-5583/2014 തീയതി : 11.08.2016.**

കോന്നി വനം ഡിവിഷനിലെ നടുവത്തുമൂഴി റെയിഞ്ചിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീ.പി.കെ.പുഷ്പാകരൻ ഹെഡ് അക്കൗണ്ടന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം ശ്രീ.ധർമ്മരാജ്.കെ, ഹെഡ് അക്കൗണ്ടന്റിന് താഴെയായ് പുന:ക്രമീകരിച്ച് 31-05-2016 ന് ശേഷം വരുന്ന ഒഴിവിൽ ജൂനിയർ സൂപ്രണ്ട് ആയി പ്രൊമോഷൻ നൽകണമെന്ന് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

18/8/16

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ ക്ലാർക്കായി 04-04-89 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.പി.കെ.പുഷ്പാകരന്റെ സ്ഥാനം 01-07-2009 കണക്കാക്കിയുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ (134) ശ്രീ.കെ.ധർമ്മരാജിനും, ക്രമ നമ്പർ 135 ശ്രീ.കെ.ആർ.രാജീവിനും മദ്ധ്യേ ക്രമ നമ്പർ 134 എ ആയി നിശ്ചയിച്ചു കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) ഉത്തരവ് പ്രകാരം ശ്രീ.പി.കെ.പുഷ്പാകരന്റെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ പ്രൊമോഷൻ നൽകിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ 01-06-2016 കണക്കാക്കിയുള്ള ഹെഡ് അക്കൗണ്ടന്റുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 10 ശ്രീ.കെ. ധർമ്മരാജിനും, ക്രമ നമ്പർ. 11 ശ്രീ.പരുഷോത്തമനും മദ്ധ്യേ ക്രമനമ്പർ 10 എ ആയി ശ്രീ.പി.കെ.പുഷ്പാകരന്റെ സ്ഥാനം താൽകാലികമായി നിശ്ചയിക്കുവാൻ തീരുമാനിച്ച് കൊണ്ട് ഉത്തരവാകുന്നു.

മേൽ തീരുമാനത്തിനെതിരെ പരാതിയോ, അക്ഷേപമോ ഉണ്ടെങ്കിൽ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം വ്യക്തമായ രേഖകൾ സഹിതം ഓഫീസ് മേലധികാരി മുഖേന പരാതി സമർപ്പിയ്ക്കേണ്ടതാണെന്നും നിശ്ചിത സമയത്തിനുള്ളിൽ വ്യക്തമായ പരാതികൾ ഒന്നും ലഭിയ്ക്കാത്ത പക്ഷം മേൽ തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു.

**കെ.ജെ.വറുഗ്ഗീസ് ഐ.എഫ്.എസ്**
**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**

ശ്രീ.പി.കെ.പുഷ്പാകരൻ
(മേലധികാരി മുഖേന)

**പകർപ്പ്:-**

1. എല്ലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അയയ്ക്കുന്നു. ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകി കൈപ്പറ്റ് ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എഫ്.എം.ഐ.എസിന് വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി നൽകുന്നു.
3. ഇ3 സെക്ഷന്

Y:\Faircopy\E5\E5-5583-14 M.doc